**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1406** — **11.08.2017 ൽ മറുപടിയ്ക്ക്**

## ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) പച്ചക്കറി കൃഷി വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള 'ഓണത്തിനൊരു മുറം പച്ചക്കറി' എന്ന പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ? | എ) ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ച് 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നു. ഇതിനായി കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകുന്നു. സംസ്ഥാനത്തെ 63 ലക്ഷം കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നതാണ്.<br>വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും 10 രൂപ വില വരുന്ന അഞ്ചിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകൾ, 45.45 ലക്ഷം പച്ചക്കറി തൈകൾ എന്നിവയുടെ വിതരണം പൂർത്തികരിച്ചു കഴിഞ്ഞു. വിത്തു പായ്ക്കറ്റുകൾ വി.എഫ്.പി.സി.കെ.-യാണ് നൽകുന്നത്. ഇതിലേയ്ക്കായി 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വിവിധ മാധ്യമങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും 17 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളുടെ വിതരണം നടന്നു വരുന്നു. ഇതിനായി 170 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 37000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം പുരോഗമിച്ചു വരുന്നു. ഇതിനു വേണ്ടി 555 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു. കൂടാതെ മുൻ |

വർഷങ്ങളിൽ നൽകിയ 75000 ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ മറ്റ് ഉല്പാദന ഉപാധികൾ എന്നിവയും നൽകുന്നു. ഇതിലേക്കായി 150 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു.

ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി ഓണക്കാലത്ത് ഓരോ വീടുകളിലും സ്വന്തമായി കൃഷി ചെയ്തെടുത്ത പച്ചക്കറികൾ ഉപയോഗിക്കുവാൻ കഴിയും. വി.എഫ്.പി.സി.കെ., ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, കാർഷിക കർമസേന, അഗ്രോ-സർവ്വീസ് സെന്റർ, സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ, കുടുംബശ്രീ തുടങ്ങിയവരുടെ സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതിയുടെ പ്രചരണ പരിപാടികളുടെ ചുമതല ഫാം ഇൻഫർമേഷൻ ബ്യൂറോ നിർവ്വഹിക്കുന്നു. ഈ പദ്ധതിയുടെ പ്രചരണാർത്ഥം ഒരു 'സ്ലോഗൻ' തയ്യാറാക്കിയിട്ടുണ്ട്. ഇതിനോടൊപ്പം മന്ത്രിമാർ, സെലിബ്രിറ്റീസ്, ജനപ്രതിനിധികൾ എന്നിവരുടെ പ്രസ്താവനകളോട്ടുകൂടിയ ശബ്ദരേഖ ഉള്ളടക്കം ചെയ്ത് റേഡിയോ, എഫ്.എം. റേഡിയോ, റെയിൽവേ ജിംഗിൾസ് മുതലായ മാധ്യമങ്ങൾ വഴി സംപ്രേക്ഷണം ചെയ്ത് പദ്ധതിയ്ക്ക് പ്രചാരണം നൽകിയിട്ടുണ്ട്. കൂടാതെ പ്രമുഖ പത്രമാധ്യമങ്ങൾ വഴിയും വിപുലമായ പ്രചാരണം നൽകിയിട്ടുണ്ട്.

ഈ പദ്ധതി നടപ്പിലാക്കുക വഴി ഏകദേശം 25000 ത്തോളം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കാനും ഏകദേശം 1 ലക്ഷം ടണ്ണോളം പച്ചക്കറി അധികമായി ഉത്പാദിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി ഏറ്റവും നല്ല പച്ചക്കറിത്തോട്ടം ഒരുക്കുന്ന വീട്ടമ്മമാർക്ക് ജില്ലാതലത്തിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 15,000/- രൂപ,

7,500/- രൂപ, 5,000/- രൂപയും സംസ്ഥാനതലത്തിൽ യഥാക്രമം 1,00,000/- രൂപ, 50,000/- രൂപ, 25,000/- രൂപയും അവാർഡായി നൽകുന്നു. ചുരുങ്ങിയത് 5 ഇനം പച്ചക്കറികളെങ്കിലും കൃഷി ചെയ്യുന്ന വീട്ടമ്മമാരെയാണ് അവാർഡിനായി പരിഗണിക്കുന്നത്. ഇതിനായി 5.6 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**